# കേരള സർവകലാശാല

നം. പി.ആർ.085/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.എഡ് പരീക്ഷ തീയതി മാറ്റം

കേരള സർവകലാശാല ഏപ്രിൽ 21 മുതൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എഡ് നോൺ സി.എസ്.എസ് ഡിഗ്രി (ദ്വിവത്സര പ്രോഗ്രാം, 2015 സ്കീം) പരീക്ഷകൾ മെയ് 10-ാം തീയതി മുതൽ നടത്തുന്നതാണ്.

### ബി.എ പരീക്ഷകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ഏപ്രിൽ 21-ന് തുടങ്ങുന്ന ബി.എ ആന്വൽ സ്കീം ഒന്നാം വർഷ പരീക്ഷയ്ക്ക് വഴുതക്കാട് ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം ആൾ സെയിന്റ്സ് കോളേജ്, നിറമൺകര എൻ.എസ്.എസ് വനിത കോളേജ് എന്നിവിടങ്ങൾ ഓൺലൈൻ പരീക്ഷകേന്ദ്രമായി ലഭിച്ച ആൺകുട്ടികൾ കേരള സർവകലാശാലയുടെ പാളയത്തുള്ള സ്കൂൾ ഓഫ് ഡിസ്റ്റന്റ് എഡ്യുക്കേഷനിൽ പരീക്ഷ എഴുതേണ്ടതാണ്. ആലപ്പുഴ സെന്റ് ജോസഫ് കോളേജ് ഫോർ വിമൺ പരീക്ഷകേന്ദ്രമായി ലഭിച്ച ആൺകുട്ടികൾ ആലപ്പുഴ എസ്.ഡി കോളേജിൽ പരീക്ഷ എഴുതേണ്ടതാണ്.

### എം.എച്ച്.എ/പി.ജി.ഡി.എച്ച്.എച്ച്.എ സപ്ലിമെന്ററി ടൈം ടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം മെയ് രണ്ട് മുതൽ നടത്തുന്ന ഒന്നാം വർഷ എം.എച്ച്.എ/പി.ജി.ഡി.എച്ച്.എച്ച്.എ സപ്ലിമെന്ററി പരീക്ഷയുടെ ടൈം ടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ടെക് ടൈം ടേബിൾ

കേരള സർവകലാശാല മെയിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ചേർഡ് 2008 സ്കീം പരീക്ഷയുടേയും ആറാം സെമസ്റ്ററിൽ വരുന്ന നാലാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ചേർഡ് 2008 സ്കീം പരീക്ഷയുടേയും ടൈം ടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ, ബി.എസ്സി, ബി.കോം പരീക്ഷ

കേരള സർവകലാശാല 2010, 2011, 2012 അഡ്മിഷൻ ബി.എ, ബി.എസ്സി, ബി.കോം സി.ബി.സി.എസ്.എസ് (കരിയർ റിലേറ്റഡ് ഉൾപ്പെടെ) മൂന്നാം സെമസ്റ്റർ പരീക്ഷ മെയ് 16-നും 2010, 2011, 2012 അഡ്മിഷൻ ബി.എ, ബി.എസ്സി, ബി.കോം സി.ബി.സി.എസ്.എസ് (കരിയർ റിലേറ്റഡ് ഉൾപ്പെടെ) അഞ്ചാം സെമസ്റ്റർ പരീക്ഷ മെയ് ഒമ്പതിനും 2010, 2011, 2012 അഡ്മിഷൻ ബി.എ, ബി.എസ്സി, ബി.കോം സി.ബി.സി.എസ്.എസ് (കരിയർ റിലേറ്റഡ് ഉൾപ്പെടെ) ആറാം സെമസ്റ്റർ പരീക്ഷ മെയ് 30-നും ആരംഭിക്കും.

## മേഴ്സി ചാൻസ് പരീക്ഷ

കേരള സർവകലാശാല മൂന്ന്, അഞ്ച്, ആറ് സെമസ്റ്റർ ബി.എ, ബി.കോം, ബി.എസ്സി, ബി.പി.എ, ബി.ബി.എ, ബി.സി.എ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് 2010 അഡ്മിഷൻ കുട്ടികൾക്ക് അനുവദിച്ചിട്ടുളള മേഴ്സി ചാൻസ് പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കാം. പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ 25 (50 രൂപ പിഴയോടെ ഏപ്രിൽ 26, 125 രൂപ സൂപ്പർ ഫൈനോട് കൂടി ഏപ്രിൽ 27) വരെ ഫീസടച്ച് അപേക്ഷിക്കാം. മേഴ്സി ചാൻസിന് അപേക്ഷിക്കുന്നവർ ഓരോ സെമസ്റ്ററിനും പരീക്ഷാഫീസിന് പുറമേ മേഴ്സി ചാൻസ് ഫീസായി 2200 രൂപ വീതം അടക്കേണ്ടതാണ്. അഞ്ചാം സെമസ്റ്റർ പരീക്ഷ മെയ് ഒമ്പതിനും മൂന്നാം സെമസ്റ്റർ പരീക്ഷ മെയ് 16-നും ആറാം സെമസ്റ്റർ പരീക്ഷ മെയ് 30-നും ആരംഭിക്കും.

തിരുവനന്തപുരം.
19.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098